Receipt No : 53823/2019/CRU SJD

**കേരള സർക്കാർ**

നം. സ.നീ.വ-ഇ 2/236/2018-സാനീവ. സാമൂഹ്യനീതി (ഇ) വകുപ്പ്

തിരുവനന്തപുരം, തീയതി: 26/07/2019

**സർക്കുലർ**

വിഷയം :-സാമൂഹ്യനീതി വകുപ്പ് - നിയമസഭ - ഹർജികൾ സംബന്ധിച്ച സമിതി (2016-2019) ഒന്നാമത് റിപ്പോർട്ട് - ശിപാർശകളിന്മേൽ നടപടി - സംബന്ധിച്ച്.

സൂചന :- 1. നിയമസഭ സെക്രട്ടറിയേറ്റിലെ ഹർജികൾ സംബന്ധിച്ച സമിതിയുടെ (2016-2019) ഒന്നാമത് റിപ്പോർട്ട്

2. നിയമസഭ സെക്രട്ടറിയേറ്റിൽ നിന്നും 15/05/2019 തീയതിയിലുള്ള 23676/ഹർജി എ 1/2017/നി.സെ. നമ്പർ കത്ത്.

കേരള നിയമസഭയുടെ ഹർജികൾ സംബന്ധിച്ച സമിതി (2019-21) ഒന്നാമത് റിപ്പോർട്ടിൽ, പൊതുജനങ്ങളിൽ നിന്ന് ലഭ്യമാകുന്ന ഹർജികൾ അർഹിക്കുന്ന ഗൗരവത്തോടെ കാണണമെന്നും, സമിതി ആവശ്യപ്പെടുന്ന റിപ്പോർട്ടുകളും അധിക വിവരങ്ങളും സമയ-ബന്ധിതമായും കാലവിളംബം കൂടാതെയും ലഭ്യമാക്കണമെന്നും റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിന് കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥരുടെ പേരിൽ കർശന നടപടി സ്വീകരിക്കണമെന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് സർവ്വീസ് സംബന്ധിക്കുന്ന രേഖകൾ കൃത്യതയോടേയും സൂക്ഷ്മതയോടെയും കൈകാര്യം ചെയ്യണമെന്നും സമിതി ശിപാർശ ചെയ്തിരിക്കുന്നു.

ടി ശിപാർശകളുടെ അടിസ്ഥാനത്തിൽ, ലഭിക്കുന്ന ഹർജികളിന്മേൽ കാലതാമസം കൂടാതെ നടപടി സ്വീകരിക്കണമെന്നും സമിതി ആവശ്യപ്പെടുന്ന വിവരങ്ങൾ കാലതാമസം കൂടാതെ ലഭ്യമാക്കണമെന്നും കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ രേഖകൾ കൃത്യതയോടെയും സൂക്ഷ്മതയോടെയും കൈകാര്യം ചെയ്യണമെന്നും നിർദ്ദേശം നൽകുന്നു.

വിശ്വസ്തതയോടെ,
ബിജു പ്രഭാകർ ഐ.എ.എസ്
സ്പെഷ്യൽ സെക്രട്ടറി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

ഡയറക്ടർ, വനിത ശിശു-വികസന വകുപ്പ്
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്
സാമൂഹ്യനീതി വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പുറത്തെഴുത്ത് നം. SJD/100477/2019-E5

മേൽ സർക്കാർ സർക്കുലറിലെ നിർദ്ദേശങ്ങൾ വകുപ്പിലെ എല്ലാ കാര്യാലയമേധാവികളും കാര്യാലയങ്ങളിലെ എല്ലാ ജീവനക്കാരുടേയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതുമാണ്.

Administrative Officer
Directorate of Social Justice
Vikas Bhavan
Thiruvananthapuram-33